**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2724** **22-01-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമങ്ങളിൽപ്പെടുന്നവർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുല്ലക്കര രത്നാകരൻ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവി ആക്രമണങ്ങളിൽപ്പെട്ട് പരിക്കേൽക്കപ്പെടുകയോ മരണപ്പെടുകയോ ചെയ്ത ആളുകളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ; | (എ) | ഉത്തരത്തിനായി Attachment-ലെ Table കണ്ടാലും |
| (ബി) | ജനവാസ മേഖലകളിൽ വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | (ബി) ജനവാസ മേഖലകളിൽ വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | വന്യജീവി ആക്രമങ്ങളിൽപ്പെടുന്നവർക്ക് ഇപ്പോൾ സർക്കാർ നൽകിവരുന്ന ധനസഹായം സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ; | (സി) | (സി) 05.04.2018-ലെ സ.ഉ (കൈ) നം. 17/2018/ വനം ഉത്തരവ് പ്രകാരം വന്യജീവിയാക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജിവി ആക്രമണം മൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് പത്ത് ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പ കടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാ ഇനത്തിൽ ചിലവായ മുഴുവൻ തുകയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) നഷ്ടപരിഹാരമായി അനുവദിക്കുന്നതാണ്. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം, കന്നുകാലി നഷ്ടം, വീട് നഷ്ടം തുടങ്ങിയവയ്ക്ക് നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) അനുവദിക്കുന്നു. |
| (ഡി) | ജനവാസ മേഖലകളിൽ വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | വന്യമൃഗ ആക്രമണം തടയുന്നതിന് സൗരോർജ്ജ കമ്പിവേലികൾ, ആന കിടങ്ങുകൾ, മതിലുകൾ തുടങ്ങിയവ നിർമ്മിച്ച് മൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നു. വന്യമൃഗങ്ങൾ വെള്ളം കുടിക്കുന്ന തിനായി നാട്ടിലെത്തുന്നത് തടയാൻ വനത്തിനുള്ളിൽ ഗള്ളി പ്ളഗ്ഗിംങ് നടത്തിയും, കുളങ്ങൾ, ചെക്ക് ഡാമുകൾ, |

| | | | |
|---|---|---|---|
| | | | നീർച്ചാലുകൾ എന്നിവ നവീകരിച്ചും നിർമ്മിച്ചും, ചതുപ്പുകൾ വൃത്തിയാക്കുകയും ചെയ്യുന്നു. കുടിവെള്ളം ലഭ്യമാക്കുന്നതിനായി നിലവിലെ തടയണകളിലെ ചെളിനീക്കൽ പ്രവർത്തികൾ ചെയ്ത് വനത്തിനുള്ളിൽ ജലത്തിന്റെയും, ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പ് വരുത്തുക യും ചെയ്തുവരുന്നു. ജലലഭ്യത, തീറ്റലഭ്യത എന്നിവ ഉറപ്പാക്കാൻ ഫലവൃക്ഷങ്ങൾ എന്നിവ നട്ടുപിടിപ്പിക്കുകയും ആയവ ഉണങ്ങിപോകാതെ സംരക്ഷിക്കുകയും ചെയ്യുന്നു. കാട്ടുതീ പ്രതിരോധ പ്രവർത്തികൾ വർഷംതോറും നടത്തിവരുന്നു. നാളിതുവരെ 151 ചെക്കുഡാമുകളും 27 കുളങ്ങളും നിർമ്മിച്ചിച്ചുണ്ട്. കൂടാതെ, പഴയ ചെക്കുഡാമുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് വരുന്നുണ്ട്. കൂടാതെ, ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് തടയുവാൻ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് ബോധവത്ക്കരണം നടത്തുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശിയരെ അറിയിക്കുന്നതിന് എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജനകീയ കമ്മിറ്റികളുടേയും ആർ.ആർ.റ്റി.കളുടേയും സേവനം മേൽ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി, സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൌരോർജ്ജ വേലി. 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 ക.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches) 26 കി.മീ. ജൈവവേലി, 24 കീ,മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. |
| (ഇ) | വന്യജീവി ആക്രമങ്ങളിൽ പെടുന്നവർക്ക് നൽകിവരുന്ന നഷ്ടപരിഹാരവും ചികിത്സാ സഹായവും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

(ഇ)

| വർഷം | പരിക്കേറ്റ വരുടെ എണ്ണം | മരണം സംഭ വിച്ച വരുടെ എണ്ണം |
|---|---|---|
| 01-05-2016 - 31-12-2016 | 392 | 28 |
| 01-01-2017 - 31-12-2017 | 917 | 128 |
| 01-01-2018 - 31-12-2018 | 1280 | 133 |
| 01-01-2019 - 31-12-2019 | 1239 | 122 |
| 01-01-2020 - 31-12-2020 | 1239 | 111 |
| 01-01-2021 - 15-01-2021 | 71 | 7 |
| **ആകെ** | **5138** | **529** |